# ക്യാബിനറ്റ് തീരുമാനങ്ങൾ - 15-06-2016.

- മാത്യു അച്ചാടന്റെ ഹൃദയമാറ്റ ശസ്ത്രക്രിയ നടത്തുന്നതിനായി എയർ ആംബുലൻസ് ഉപയോഗിച്ചതിന് ചിലവായ 6 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കുന്നതിന് തീരുമാനിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു.
- 2016-17 അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ പ്ലസ് വൺ സീറ്റിന്റെ എണ്ണത്തിൽ 20% മാർജിനൽ വർദ്ധനവ് വരുത്തും. സർക്കാറിന് അധിക ബാധ്യത വരാത്ത വിധത്തി ലായിരിക്കും ഇത്.
- കണ്ണൂർ അന്താരാഷ്ട്രവിമാന താവളത്തിന്റെ ഡയറക്ടർ ബോർഡിലേക്ക് മുഖ്യമന്ത്രി, റവന്യൂ വകുപ്പ് മന്ത്രി, വ്യവസായ വകുപ്പ് മന്ത്രി, ഗതാഗത വകുപ്പ് മന്ത്രി, തുറമുഖ വകുപ്പ് മന്ത്രി, ആരോഗ്യ വകുപ്പ് മന്ത്രി, ചീഫ് സെക്രട്ടറി, കണ്ണൂർ കളക്ടർ എന്നിവരെ ഉൾപ്പെടുത്താൻ തീരുമാനിച്ചു.

## നിയമിച്ചു.

- അഡ്വ. കെ.വി. സോഹനെ, സ്റ്റേറ്റ് അറ്റോർണിയായി നിയമിക്കാൻ തീരുമാനിച്ചു.
- പരിശീലനം പൂർത്തിയാക്കി തിരികെയെത്തിയ മിനാജ് ആലം ഐ.എ.എസ്-നെ ധനകാര്യ റിസോഴ്സ് വകുപ്പ് സെക്രട്ടറിയായി നിയമിക്കാൻ തീരുമാനിച്ചു.